**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3012** **28-02-2023 - ൽ മറുപടിയ്ക്ക്**

**മത്സ്യസംഭരണവും വിപണനവും പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ.കെ.ടി.ജലീൽ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മത്സ്യസംഭരണവും കാര്യക്ഷമമായ വിപണനവും ലേലവും പ്രോത്സാഹിപ്പിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | (എ) | കേരള നിയമസഭ പാസ്സാക്കിയ "കേരള മത്സ്യസംഭരണവും വിപണനവും ഗുണനിലവാര പരിപാലനവും ആക്ട് 2021", മത്സ്യ സംഭരണവും വിപണനവും ലേലവും നിയന്ത്രിക്കുന്നതിനും വ്യവസ്ഥാപിതവും ശുചിത്വപൂർണ്ണവും കാര്യക്ഷമവുമായ ലേലവും വിപണനവും പ്രോത്സാഹിപ്പിക്കുന്നതിനും ഗുണനിലവാരം പരിപാലിപ്പിക്കുന്നതിനും ഉദ്ദേശിച്ചിട്ടുള്ളതാണ്. പ്രസ്തുത ആക്ടിലെ 4-ാം വകുപ്പിൽ നിഷ്കർഷിച്ചിരിക്കുന്നത് പ്രകാരം വിജ്ഞാപനം വഴി നോട്ടിഫൈ ചെയ്തിട്ടുള്ള ലാന്റിംഗ് സെന്റർ, മാർക്കറ്റ്, ഹാർബർ എന്നിവിടങ്ങളിൽ കൂടിയല്ലാതെ മത്സ്യലേലം നടത്തുവാൻ പാടുള്ളതല്ല. എന്നാൽ ലേലത്തിലൂടെയല്ലാതെ മത്സ്യത്തൊഴിലാളികൾക്ക് നേരിട്ട് മത്സ്യ വിപണനം നടത്തുന്നതിന് തടസ്സമില്ല. അതിനാൽ തന്നെ പ്രസ്തുത നിയമം നടപ്പിലാക്കുന്നതിലൂടെ ലേലത്തിലെ തെറ്റായ പ്രവണതകൾ നിയന്ത്രിക്കുന്നതിനോടൊപ്പം മത്സ്യത്തൊഴിലാളികളുടെ അവകാശ സംരക്ഷണം ഉറപ്പുവരുത്തുന്നതിനും സാധ്യമാകുന്നതാണ്. |

സെക്ഷൻ ഓഫീസർ